## പതിമൂന്നാം കേരള നിയമസഭ

## പതിമൂന്നാം സമ്മേളനം

**നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നമ്പർ. 390** **10.03.2015-ൽ മറുപടിയ്ക്ക്**

# വൈദ്യുതിയുടെ പ്രതിദിന ഉപഭോഗം.

| ചോദ്യം<br>ശ്രീ. രാജു എബ്രഹാം : | | ഉത്തരം<br>ശ്രീ. ആര്യാടൻ മുഹമ്മദ്<br>(ഊർജ്ജ വകുപ്പു മന്ത്രി) | |
|---|---|---|---|
| (എ) | സംസ്ഥാനത്ത് വൈദ്യുതിയുടെ പ്രതിദിന ഉപഭോഗം എത്രയാണ് ; കേരളത്തിലെ ഓരോ വൈദ്യുത നിലയത്തിൽ നിന്നും കഴിഞ്ഞ 6 മാസമായി ഉൽപ്പാദിപ്പിക്കുന്ന വൈദ്യുതിയുടെ അളവ്, നിലയം തിരിച്ച് വ്യക്തമാക്കാമോ ; | (എ) | പ്രതിദിന ഉപഭോഗം ഇപ്പോൾ 63 ദശലക്ഷം യൂണിറ്റാണ്. ഇത് ഈ മാസം അവസാനത്തോടെ 70 ദശലക്ഷം യൂണിറ്റാകുമെന്ന് പ്രതീക്ഷിക്കുന്നു. കഴിഞ്ഞ 6 മാസമായി ഉല്പാദിപ്പിക്കുന്ന വൈദ്യുതിയുടെ അളവ് നിലയം തിരിച്ച് അനുബന്ധം - 1 ആയി ചേർത്തിരിക്കുന്നു. |
| (ബി) | വിവിധ ഉപഭോക്താക്കൾക്ക് ഏതു നിരക്കിലാണ് കെ. എസ്. ഇ. ബി വൈദ്യുതി വിതരണം നടത്തുന്നത് ; | (ബി) | വിവ ധ ഉപഭോക്താക്കളുടെ നിലവിലുള്ള വൈദ്യുതി നിരക്ക് അനുബന്ധം -2 - ആയി ചേർത്തിരിക്കുന്നു. |
| (സി) | വൈദ്യുതിയുടെ കുറവ് പരിഹരിക്കുന്നതിനായി എന്തൊക്കെ നടപടികളാണ് സ്വീകരിച്ചിട്ടുള്ളത് ; | (സി) | വൈദ്യുതിയുടെ കുറവ് പരിഹരിക്കുന്നതിന് താഴെ പറയുന്ന നടപടികൾ സ്വീകരിച്ചിട്ടുണ്ട്.<br>i. ജലസംഭരണികളിൽ പരമാവധി വെള്ളം സംഭരിച്ചിട്ടുണ്ട്.<br>ii. കേന്ദ്ര പൂളിൽ നിന്നുള്ള വൈദ്യുതിയുടെ ലഭ്യത ഉറപ്പാക്കിയിട്ടുണ്ട്.<br>iii. 524 മെഗാവാട്ടോളം വൈദ്യുതി 2014 മേയ് വരെയുള്ള കാലയളവിലേക്ക് ദക്ഷിണേന്ത്യയിലെ വിവിധ വ്യാപാരികളിൽ നിന്ന് വാങ്ങുന്നതിന് കരാറിലേർപ്പെട്ടിട്ടുണ്ട്.<br>iv. 400 മെഗാവാട്ട് വൈദ്യുതി, 2014 മാർച്ച് മുതൽ 2017 മേയ് വരെയുള്ള കാലയളവിൽ മദ്ധ്യമകാലാടിസ്ഥാനത്തിൽ വാങ്ങുന്നതിന് കരാറിലേർപ്പെട്ടിട്ടുണ്ട്.<br>v. കൂടുതലായി ആവശ്യമുള്ള വൈദ്യുതി, കേരളത്തിലെ ദ്രവ ഇന്ധന നിലയങ്ങളായ KDPP, BDPP, കായംകുളം BSES തുടങ്ങിയ |

നിലയങ്ങളിൽ നിന്ന് ഉല്പാദിപ്പിച്ച് ഉപയോഗിക്കാൻ നടപടികൾ എടുത്തിട്ടുണ്ട്.

(ഡി) പുറത്തുനിന്നും എത്ര രൂപ നിരക്കിലാണ് കെ. എസ്. ഇ. ബി വൈദ്യുതി വാങ്ങുന്നത് ; വിശദാംശങ്ങൾ ലഭ്യമാക്കാമോ ; ഇത്തരത്തിൽ ഈ സാമ്പത്തിക വർഷം എത്ര രൂപയുടെ വൈദ്യുതിയാണ് പുറത്തുനിന്നും വാങ്ങിയിട്ടുള്ളത് എവിടെ നിന്നെല്ലാം ;

(ഡി) സംസ്ഥാനത്തിനു പുറമേ നിന്നും വാങ്ങുന്ന വൈദ്യുതിയുടെ ശരാശരി നിരക്കുകൾ താഴെ പറയുന്നു.

| | | |
|---|---|---|
| i. | കേന്ദ്ര നിലയങ്ങൾ | ശരാശരി 3.50 രൂപ |
| ii. | ദക്ഷിണേന്ത്യൻ സംസ്ഥാനങ്ങളിൽ നിന്നും വാങ്ങുന്ന വൈദ്യുതി | ശരാശരി 5.56 രൂപ |
| iii. | മദ്ധ്യകാലാടിസ്ഥാനത്തിൽ വാങ്ങുന്ന വൈദ്യുതിയുടെ ശരാശരി വില | 4.50 രൂപ |
| iv. | എക്സ്ചേഞ്ചുകളിൽ നിന്നും വാങ്ങുന്ന വൈദ്യുതിയുടെ ശരാശരി വില | 5.50 രൂപ |

സാമ്പത്തിക വർഷം മാർച്ച് മാസം ഉൾപ്പെടെ സംസ്ഥാനത്തിനു പുറമേ നിന്ന് 5240 കോടി രൂപയുടെ വൈദ്യുതി വാങ്ങുമെന്നാണ് പ്രതീക്ഷിക്കുന്നത്. ഇതിൽ കേന്ദ്ര നിലയങ്ങളിൽ ഏകദേശം 3621 കോടി രൂപയുടെ വൈദ്യുതിയും, വൈദ്യുതി വ്യാപാരികൾ, എനർജി എക്സ്ചേഞ്ച് മുതലായവയിൽ നിന്ന് 1619 കോടി രൂപയുടെ വൈദ്യുതിയുമാണ് വാങ്ങുന്നത്.

(ഇ) കൂടംകുളത്തുനിന്നും സംസ്ഥാനത്തിന് എത്ര മെഗാവാട്ട് വൈദ്യുതിക്കാണ് അർഹതയുള്ളത് ; ഇത് ലഭിക്കുന്നുണ്ടോ ; ഇല്ലെങ്കിൽ എന്തുകൊണ്ട് ;

(ഇ) കൂടംകുളം ആണവ നിലയത്തിന്റെ യൂണിറ്റ് 1 & 2 - ൽ (2x1000 മെഗാവാട്ട്) നിന്നും 266 മെഗാവാട്ട് വൈദ്യുതിയാണ് സംസ്ഥാനത്തിന് ലഭിക്കേണ്ടത്. ഇപ്പോൾ കൂടംകുളം ആണവനിലയത്തിന്റെ ഒന്നാം

യൂണിറ്റിൽ നിന്നും അർഹതപ്പെട്ട 133 മെഗാവാട്ട് വൈദ്യുതി കേരളത്തിനു ലഭിക്കുന്നുണ്ട്.

(എഫ്) സംസ്ഥാനം കടുത്ത വൈദ്യുതി പ്രതിസന്ധി നേരിടുമ്പോൾ അർഹമായ വൈദ്യുതി ലഭിക്കുന്നതിനായി സർക്കാർ സ്വീകരിച്ച നടപടികൾ എന്തൊക്കെ ; ആയത് അടിയന്തിരമായി ലഭ്യമാക്കാൻ എന്തൊക്കെ നടപടികൾ സ്വീകരിക്കാനാണ് ഉദ്ദേശിക്കുന്നതെന്ന് വ്യക്തമാക്കാമോ ?

(എഫ്) ജല വൈദ്യുത പദ്ധതികളിൽ നിന്നും കേന്ദ്രപൂളിൽ നിന്നും ലഭ്യമാകുന്ന വൈദ്യുതിക്കു പുറമേ, സംസ്ഥാനത്തിനു പുറത്തു നിന്നുള്ള വൈദ്യുതി വ്യാപാരികളിൽ നിന്നും, ഉൽപ്പാദകരിൽ നിന്നും, വൈദ്യുതി ലഭ്യമാക്കാനുള്ള താഴെപ്പറയുന്ന നടപടികൾ സ്വീകരിച്ചിട്ടുണ്ട്.

2014 മാർച്ച് മുതൽ 2017 ഫെബ്രുവരി വരെ 400 മെഗാവാട്ട് വൈദ്യുതി പി.റ്റി.സി.സി., എൻ.യു.യു.എൻ. മുതലായ വ്യാപാരികളിൽ നിന്നും ശരാശരി 4.50 രൂപ നിരക്കിൽ ലഭ്യമാക്കുന്നതിനുള്ള കരാറിലേർപ്പെട്ടിട്ടുണ്ട്.

കൂടാതെ ദക്ഷിണേന്ത്യയിലെ വിവിധ വൈദ്യുതോൽപ്പാദകരിൽ നിന്നും 523.5 മെഗാവാട്ട് വൈദ്യുതി ലഭ്യമാക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചിട്ടുണ്ട്. കൂടാതെ എനർജി എക്സ്ചേഞ്ച്- കളിൽ നിന്നും പരമാവധി കുറഞ്ഞ നിരക്കിൽ വൈദ്യുതി ലഭ്യമാക്കുന്നതിനുള്ള നടപടികൾ എടുത്തുവരുന്നു.

ദക്ഷിണ ഗ്രിഡിൽ S1 മേഖലയിൽ നിന്നും S2 മേഖലയിലേയ്ക്ക് വൈദ്യുതി കൊണ്ടു വരുന്നതിന് പ്രസരണ ശൃംഖലയുടെ ശേഷി കുറവ് മൂലം പ്രയാസം നേരിടുന്നുണ്ട്. തന്മൂലം രാജ്യത്തെ മറ്റു മേഖലകളിൽ നിന്നുള്ള കുറഞ്ഞ നിരക്കിലുള്ള വൈദ്യുതി സംസ്ഥാനത്തിന് ലഭിക്കാതെ പോകുന്നുണ്ട്. രാജ്യത്തിന്റെ കിഴക്കൻ മേഖലയിൽ നിന്നും പശ്ചിമ മേഖലയിൽ നിന്നുമായി മധ്യകാല, ദീർഘകാല കരാർ വഴി സംസ്ഥാനത്തിന് ലഭിക്കേണ്ട വൈദ്യുതി ഇതുമൂലം എത്തിക്കാൻ കഴിയാതെ വരുന്നുണ്ട്. S1 മേഖലയിലെ ഉൽപ്പാദന നിലയങ്ങളുമായുള്ള കരാർ പ്രകാരമുള്ള വൈദ്യുതിയുടെ ലഭ്യതയിലും തന്മൂലം കുറവ് വന്നിട്ടുണ്ട്. എന്നാലും പ്രസ്തുത ഇടനാഴിയിൽ ലഭ്യമാവുന്ന പ്രസരണ ശേഷി കേരളം ഫലപ്രദമായി വൈദ്യുതി കൊണ്ടുവരുന്നതിനായി വിനിയോഗിക്കുന്നുണ്ട്. കൂടാതെ കേരളത്തിലേക്ക് വൈദ്യുതി കൊണ്ടുവരുന്ന പ്രസരണ ശൃംഖല

ശക്തിപ്പെടുത്തുന്നതിനായി 400 കെ.വി. മൈസൂർ - അരീക്കോട് ഇരട്ട സർക്യൂട്ട് ലൈൻ നിർമ്മാണം പി.ജി.സി.ഐ.എൽ. വഴി പുരോഗമിക്കുന്നു. 400 കെ.വി. ഇടമൺ - കൊച്ചി ലൈൻ (പി.ജി.സി.ഐ.എൽ.) നിർമ്മാണ പ്രവൃത്തികൾ പുനരാരംഭിക്കുവാൻ വേണ്ട നടപടി ഗവൺമെന്റ് തലത്തിൽ സ്വീകരിച്ചുവരുന്നു. ഇത് കൂടാതെ 400 കെ.വി. ഉഡുപ്പി (കർണ്ണാടക) - മൈലാട്ടി - അരീക്കോട് ഇരട്ട സർക്യൂട്ട് ലൈനും, മൈലാട്ടിയിൽ ഒരു 400 കെ.വി. സബ്സ്റ്റേഷനും നിർമ്മിക്കുന്നതിനും, അനുമതി ലഭിച്ചിട്ടുണ്ട്.

സെക്ഷൻ ഓഫീസർ.

**അനുബന്ധം ലൈബ്രറിയിൽ ലഭ്യമാണ്**